TB Movie Panel Intiative

**#MoviePanel**

# സത്യജിത് റായ് ജന്മശതാബ്ദി സ്പെഷ്യൽ

## അപുർ സൻസർ അഥവാ അപുവിന്റെ ലോകം

Written By : Lijo Rachel George

ജോലി തേടുന്ന അഭ്യസ്തവിദ്യനായ യുവാവായ അപുവിന്റെ കഥയുമായാണ് അപുത്രയത്തിലെ അവസാന ചിത്രമായ അപുര് സന്സാര് പ്രദര്ശനത്തിനെത്തിയത്.1959 മെയ് ഒന്നിന് ബംഗാളി ഭാഷയിൽ പ്രദർശനത്തിനെത്തിയ ചിത്രം റിലീസിന്റെ അറുപത്തി രണ്ടാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് ഈ ഓർമ ക്കുറിപ്പ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത് എന്നത് ഒരു തികഞ്ഞ യാദൃശ്ചികത. ബന്ധോപാദ്ധ്യായയുടെ അപരാജിതോ എന്ന നോവലിനെ തന്നെ ആസ്പദമാക്കിയാണ് ഈ ചിത്രവും നിർമിച്ചിരിക്കുന്നത്.കഥയും ചലച്ചിത്രവും ഏകദേശം ഒരേ കാലഘട്ടത്തിലുള്ളതാണ്. 'അപുവിന്റെ ലോകം' എന്നാണ് അപുര് സന്സാര് എന്ന വാക്കിനര്ത്ഥം.പണ്ഡിറ്റ് രവി ശങ്കർ സംഗീതവും സുബ്രതാ മിത്ര ചായഗ്രഹണവും നിർവഹിച്ചിരിക്കുന്ന ചിത്രത്തിൽ അപുവായെത്തുന്നത് സൗമിത്ര ചാറ്റർജിയും അപുവിന്റെ ഭാര്യ അപർണയായെത്തുന്നത് ശർമിള ടാഗോറുമാണ്.അക്കൊല്ലത്തെ മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ഈ ചിത്രം നേടിയിട്ടുണ്ട്.

അപു എന്ന കേന്ദ്ര കഥാപാത്രത്തിന്റെ മുതിർന്ന ജീവിതത്തിലൂടെ ബംഗാളിന്റെ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദങ്ങളിലെ ജീവിതം ഇതിൽ വരച്ചു വെച്ചിരിക്കുന്നു.അപുവിന്റെ യൗവനം മുതൽ മദ്ധ്യ കാലഘട്ടം വരെയുള്ള ജീവിത സംഭവങ്ങൾ പ്രതിപാദിക്കുന്ന സിനിമ, അപു തന്റെ യൗവന കാലത്തെ പ്രതിസന്ധികളെ മറികടന്നു കൊണ്ടു ജീവിതത്തിൽ മുന്നേറുന്നതും പൂർണതയിലെത്തുന്നതും മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു.

പില്ക്കാലത്ത് അഭിനയരംഗത്ത് പ്രശസ്തരായിത്തീര്ന്ന സൗമിത്ര ചാറ്റര്ജി,ശര്മിള ടാഗോര് എന്നിവരുടെ അരങ്ങേറ്റ ചിത്രം കൂടിയായിരുന്നു ഇത്.ശർമിള തന്റെ 14-മത്തെ വയസ്സിൽ തന്നെ മികച്ച മുൻനിരകഥാപാത്രമായി അഭിനയിച്ചതിനെ സത്യജിത് റായ് പുകഴ്ത്തിയിരുന്നു. സത്യജിത് റായുടെ ഒരു പാട് ചിത്രങ്ങളിൽ ശർമിള പിന്നീട് അഭിനയിച്ചു.

സിനിമയുടെ തുടക്കത്തിൽ ടൈറ്റിൽ കാർഡുകൾ കാട്ടുന്നതിനുംമുമ്പ് തിരശ്ശീലയിൽ തെളിയുന്ന വെളുത്ത സുന്ദരനായ ചെറുപ്പക്കാരന്റെ

മീശവെക്കാത്ത നീണ്ടമുഖം. ഇംഗ്ലീഷിൽ എഴുതിയ ജോലിക്കുള്ള ശുപാർശ കത്തിലെ മെലിഞ്ഞുനീണ്ട അക്ഷരങ്ങളിൽനിന്നും ക്യാമറ അടുത്ത ഫ്രെയ്മിൽ കാട്ടുന്ന സ്ത്രൈണതയുടെ അതിരോളമെത്തിയ മുഖം.അപുർ സൻസർ എന്ന സിനിമയിൽ സത്യജിത് റേ ലോകത്തിനു പരിചയപ്പെടുത്തിയ മുഖം, അതാണ് അപൂർബ കുമാർ റായ് എന്ന അപുവിനെ അവതരിപ്പിച്ച സൗമിത്ര ചാറ്റർജി;പില്ക്കാലത്ത് സൂക്ഷ്മാംശങ്ങളുടെയും മിതത്വത്തിന്റെയും നടനായി ബംഗാളിക്കും ഇന്ത്യൻ സിനിമക്കും ലോക സിനിമാ ഭൂപടത്തിൽ ഇടം നേടിക്കൊടുത്ത സൗമിത്ര ചാറ്റർജി എന്ന നടന്റെ മുഖം ആദ്യമായി സ്ക്രീനിൽ തെളിയുമ്പോൾ 23 വയസായിരുന്നു പ്രായം.

അഭിനയിക്കാനുള്ള അഭിനിവേശവുമായി അപരാജിതയുടെ സെറ്റിലെത്തിയ സൗമിത്ര തന്റെ അപുവിനേക്കാൾ വളർന്നു പോയെന്നു തിരിച്ചറിഞ്ഞ റേ മൂന്നു വർഷത്തിനുശേഷം അപുത്രയങ്ങളുടെ അവസാന ഭാഗമായ അപൂ സൻസാറിൽ അപുവിന്റെ യൗവ്വനം സൗമിത്രക്ക് അറിഞ്ഞു നൽകുകയായിരുന്നു. അത് അപൂർവ്വമായൊരു സർഗ്ഗാത്മക സൗഹൃദത്തിന്റെ തുടക്കമായി.

പ്രായത്തിൽ ഏറെ അന്തരമുണ്ടായിരുന്ന സൗമിത്രയോട് സവിശേഷമായൊരു വാത്സല്യം റായ് സൂക്ഷിച്ചു. സത്യജിത്ത് റേ സംവിധാനം ചെയ്ത 27 ചിത്രങ്ങളിൽ 14 ലും സൗമിത്ര ചാറ്റർജി നായകനോ മുഖ്യ കഥാപാത്രങ്ങളിൽ ഒരാളോ ആയിരുന്നു.എന്തോ ഒരാത്മബന്ധം സത്യജിത് റായിക്കും സൗമിത്രോയിക്കും ഇടയിലും ഉണ്ടായിരുന്നു. ഉയരക്കാരനായിട്ടും ആകാശംമുട്ടെ ഉയരത്തിലായിരുന്നു തന്നേക്കാൾ ഉയരക്കാരനായ സംവിധായകനോടു ആ നടനുള്ള ആദരവ്.

"ഈ കഥാപാത്രങ്ങൾ നടനെന്ന നിലയിൽ സൗമിത്രയുടെ കഴിവിൽ എനിക്കുള്ള വിശ്വാസത്തിന്റെ സാക്ഷ്യങ്ങളാണ്. എന്റെ കലാജീവിതത്തിന്റെ അന്ത്യത്തോളം ഈ പരസ്പരാശ്രിതത്വം തുടരുകയും ചെയ്യും", ഇത് സത്യജിത് റായുടെ വാക്കുകൾ.

ഇക്കഴിഞ്ഞ നവംബർ മാസം കോവിഡ് ബാധിതനായി അന്തരിച്ച സൗമിത്ര ചാറ്റർജിക്കും ഇത്തരുണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അപുവിന്റെ പ്രയാണം:

ഒരു ശുപാർശ കത്തിലൂടെ ആരംഭിക്കുന്ന സിനിമയുടെ അടുത്ത ഫ്രെയിമിൽ,ഡിഗ്രി പൂർത്തിയാക്കാൻ പ്രാപ്തിയുണ്ടായിട്ടും കൊടിയ ദാരിദ്ര്യം കാരണം ഇന്റർമീഡിയേറ്റ് കൊണ്ടു പഠനം അവസാനിപ്പിക്കേണ്ടി വന്ന കൗമാരക്കാരനായ അപുവിനെയാണ് കാണിക്കുന്നത്. ശേഷം വീട്ടിലെത്തുന്ന അപുവിനു നേരിടേണ്ടി വരുന്നത് മൂന്ന് മാസത്തെ മുറി വാടക കുടിശ്ശികയായ 21rs എത്രയും വേഗം

അടച്ചില്ലെങ്കിൽ മുറി ഒഴിഞ്ഞു കൊടുക്കാൻ അന്ത്യ ശാസനം നല്കുന്ന വീട്ടുടമസ്ഥനെയാണ്.
തന്റെ സ്വത സിദ്ധമായ ഉഴപ്പും വാക്ചാതുര്യം കൊണ്ട് അപു അവിടെ തത്കാലം രക്ഷപ്പെടുന്നുണ്ടെങ്കിലും പിന്നീട് ഒരു തൊഴിൽ തേടി അലയുകയും ഒടുവിൽ പലയിടത്തു നിന്നും അപഹാസ്യനായി അപുവിന് മടങ്ങേണ്ടിയും വരുന്നു.ഒടുവിൽ ഒരു സ്വകാര്യ ട്യൂഷൻ വഴി ചെറിയ വരുമാനം കണ്ടെത്തുന്നു

ഒരു നാള് അപു തന്നെ തേടിയെത്തിയ തന്റെ പഴയകാല സുഹൃത്തായ പുലുവിനെ കണ്ടു മുട്ടുന്നു.അപുവിന്റെ അവസ്ഥ യറിഞ്ഞ പുലു അപുവിനൊരു ജോലി വാഗ്ദാനവും നല്കുന്നു. പുലു വാഗ്ദാനം ചെയ്ത ജോലി നിരസിക്കുന്ന അപു അതിന് കാരണമായി ചൂണ്ടി കാട്ടുന്നത് പ്രശസ്തരായ എഴുത്തുകാരെയാണ്. അവരെ പോലെയൊക്കെ നല്ല നല്ല കഥകളും കവിതകളും എഴുതാൻ കഴിവുള്ള താൻ ഒരു ക്ലറിക്കൽ ജോലി സ്വീകരിച്ചു ഉത്തരവാദിത്വങ്ങളുടെ ബന്ധനത്തിൽ പെട്ടു ജീവിതം തള്ളി നീക്കുന്നത് എന്തിനാണ് എന്നാണ് അപു തിരിച്ചു ചോദിക്കുന്നത്.സ്വന്തം ജീവിതത്തെ ആസ്പദമാക്കി രചിച്ച നോവല് തന്നെയൊരു പ്രശസ്തനായ എഴുത്തുകാരനാക്കും എന്ന ശുഭ പ്രതീക്ഷയോടെ ജീവിതം തള്ളിനീക്കുകയാണ് അപു.അന്നത്തെ സമൂഹത്തിന്റെ ദാരിദ്ര്യാവസ്ഥയും തൊഴിലില്ലായ്മയും ഒപ്പം ചെറുപ്പക്കാരുടെ നിരുത്തരവാദപരമായ സ്വപ്ന ലോകത്തുള്ള ജീവിതവും ഇവിടെ ആവിഷ്കരിച്ചിരിക്കുന്നു.

പിന്നീട് അമ്മാവന്റെ മകളുടെ വിവാഹത്തില് പങ്കെടുക്കാനായി അപുവിനെയും കൊണ്ട് പുലു അവരുടെ നാട്ടിലേക്ക് പോവുകയും ചെയ്യുന്നു എന്നാല് വിവാഹദിവസം വരന് മാനസിക വിഭ്രാന്തി ഉള്ള ആളാണെന്നറിയുന്നതോടെ പെൺകുട്ടിയുടെ അമ്മ ആ വിവാഹം നടത്തുന്നതിനെ എതിർക്കുകയും അങ്ങനെ ആ വിവാഹം മുടങ്ങുകയും ചെയ്യുന്നു.അതേ വിവാഹം തന്നെ എങ്ങനെയെങ്കിലും നടത്താൻ നോക്കുകയും ഉഗ്ര രൂപിയിൽ നിന്നും പിന്നീട് മകളുടെ നിശ്ചയിച്ച വിവാഹം മുടങ്ങിയാൽ ജീവിത കാലം മുഴുവനും തന്റെ മകൾ അവിവാഹിതയായി തുടരേണ്ട വരുമല്ലോ എന്നോർത്തു ദുഃഖിക്കുന്ന നിസ്സഹായാവസ്ഥയിലാണ് വധുവിന്റെ അച്ഛനെ നാം കാണുന്നത്.സാമ്പത്തികമായി ധനികരായിരുന്നിട്ടു കൂടി ആ അച്ഛന് അങ്ങനെ പ്രതികരിക്കേണ്ട വരുന്നത് വിവാഹത്തിന്റെ പേരിൽ അക്കാലത്തു സ്ത്രീകൾ അനുഭവിച്ചിരുന്ന അടിച്ചമർത്തലുകളെയാണ് വെളിപ്പെടുത്തുന്നത്.അങ്ങനെയൊരു വ്യവസ്ഥിതിയിലും ധൈര്യപൂർവം തന്റെ തീരുമാനത്തിൽ ഉറച്ചു നില്ക്കാൻ ആ അമ്മയെ പ്രേരിപ്പിക്കുന്നത് തന്റെ മകൾക്കെങ്കിലും അങ്ങനെയൊരു ദുര്യോഗം ഉണ്ടാകരുതെന്നുള്ള കരുതലും സ്നേഹവും മാത്രമാവില്ല, താനും തന്റെ ചുറ്റുമുള്ള സ്ത്രീകളും അനുഭവിക്കുന്ന ദുരിത പാർവങ്ങളോടുള്ള പ്രതിഷേധം കൂടിയാവണം.ഈ സിനിമ റിലീസായി അറുപതു വർഷങ്ങളോളം

പിന്നിട്ടിട്ടും ഇത്തരം അവസ്ഥകളിലൊക്കെയും കാര്യമായ മാറ്റങ്ങളൊന്നും വന്നിട്ടില്ലെന്നുള്ളതാണ് ചിന്തനീയമായ വസ്തുത.

തുടര്ന്ന് പുലു അപുവിനോട് തന്റെ അമ്മാവന്റെ മകളായ അപര്ണയെ കല്യാണം കഴിക്കാന് ആവശ്യപ്പെടുന്നു.ആദ്യം വിസമ്മതിക്കുന്ന അപു പിന്നീട് സമ്മതിക്കുകയും വിവാഹാനന്തരം വധൂവരന്മാര് കൊല്ക്കത്തയിലേക്ക് മടങ്ങുകയും ചെയ്യുന്നു.അതിനു മുന്പേ തന്നെ പുലു വാഗ്ദാനം ചെയ്ത ജോലിയുടെ കാര്യത്തിൽ അപു ഉറപ്പ് വാങ്ങുകയും അത് സ്വീകരിക്കുകയും ചെയ്യുന്നു. വിഭിന്ന ഇഷ്ടാനിഷ്ടങ്ങള് ഉള്ളവരാണെങ്കിലും ഭാര്യയായ അപർണയെ അപു ഒരുപാട് സ്നേഹിച്ചിരുന്നു, അതുപോലെ ധനിക കുടുംബത്തിൽ അതിന്റെ എല്ലാ സുഖ സുക്ഷുപ്തിയിലും ജീവിച്ചു വന്നിട്ടും അപുവിന്റെ ചുറ്റുപാടുകളോട് ഒത്തു പോകാനും അപുവിനെ സ്നേഹിയ്ക്കാനും അപർണയ്ക്കും കഴിഞ്ഞു.അപർണയുമായി ഒരു അസാധാരണ വിവാഹജീവിതം അപു നയിക്കുന്നതും, അവരുടെ ജീവിതത്തിലെ രംഗങ്ങൾ ദാമ്പത്യ ജീവിതത്തിനെ ദൃഢമായി ചിത്രീകരിക്കുന്ന ശ്രേഷ്ഠകരമായ ഒരു ചലച്ചിത്രമായി ഈ ചിത്രത്തെ രൂപാന്തരപ്പെടുകയും ചെയ്തു.എന്നാൽ അന്നത്തെ സാഹചര്യത്തിൽ അതൊക്കെയും റായിയ്ക്ക് നേരെ കൂടുതൽ വിമർശനങ്ങൾ സൃഷ്ടിക്കുകയാണ് ഉണ്ടായത്. അവരുടെ ജീവിതം മുന്നോട്ടു പോവുകയും ഗര്ഭിണിയാകുന്നതോടെ അപര്ണ സ്വന്തം നാട്ടിലേക്ക് തിരിക്കുകയും ചെയ്യുന്നു.

'എനിക്ക് ദേഹസുഖമുണ്ട്. എന്നാലെന്റെ മനസ്സ് രോഗാതുരമായിരിക്കുന്നു.
നീ വന്നാലേ അത് സുഖപ്പെടൂ' എന്ന് ആ സമയങ്ങളിൽ അപുവിന്റെ മനസ്സ് ചഞ്ചലപ്പെടുന്നു.

മകൻ കാജലിന് ജന്മം നല്കി തനിക്കു കുഞ്ഞിനെയും സമ്മാനിച്ച് ഭാര്യ എന്നെന്നേക്കുമായി യാത്രയായ വിവരമറിയുന്നതോടെ അപു ആകെ നിരാശനായി.ഹൃദയം തകര്ന്ന അപു ഭാര്യ വീട്ടിൽ ചെന്നെങ്കിലും സ്വന്തം കുഞ്ഞിനെ കാണാന് പോലും കൂട്ടാക്കിയില്ല.ഫ്ലൂട്ട് വാദകനായ സുന്ദരനായ അപുവിന് വേറെ ഭാര്യയെ കിട്ടും പത്തു തവണ വേണമെങ്കിലും കല്യാണം കഴിക്കാം അല്ലാതെ ഭാര്യ മരിച്ചു പോയതിന്റെ പേരിൽ ഒരു പുരുഷൻ ഇങ്ങനെ മനസ്സ് തകർന്നു പോകാൻ പാടില്ലെന്നാണ് അപർണയുടെ അമ്മ വരെ പറയുന്നത്.പുരുഷ മേധാവിത്വവും ബഹുഭാര്യാത്വവുമൊക്കെ നിലനിൽക്കുന്ന സമൂഹത്തിൽ ഒരു സ്ത്രീ ഇങ്ങനെ പറഞ്ഞില്ലെങ്കിലാണ് സത്യത്തിൽ അത്ഭുതം തോന്നേണ്ടത്.

തന്റെ ജീവിതം അവസാനിച്ചു എന്ന് അപു ഉറപ്പിച്ചു.ഒടുവിൽ ഭാര്യവീടിൻെറ അകത്തളങ്ങളിൽ മകനെയും വലിച്ചെറിഞ്ഞ് അയാൾ എവിടെയൊക്കെയോ അലഞ്ഞു നടന്നു.തന്റെ കഴിവിനെ പറ്റിയും പുതിയ നോവലിനെ പറ്റിയും ഒരുപാട് പ്രതീക്ഷകൾ വെച്ചു

പുലർത്തിയിരുന്ന അപു തന്റെ നോവലിന്റെ കയ്യെഴുത്തു പ്രതി കൂടി നശിപ്പിക്കുന്ന ആ കാഴ്ച ഏതൊരാളെയും വിഷമിപ്പിക്കുന്നതാണ്.ഭാര്യയായ അപർണയുടെ മരണം മൂലം അപുവെന്ന വ്യക്തിയുടെ ജീവിതം തന്നെ കീഴ്മേൽ മറിഞ്ഞുവെന്നത് മാത്രമല്ല,അത് അപുവിലെ എഴുത്തുകാരനെയും കൂടി കൊല്ലുകയാണ് ചെയ്തത്.അതോടെ അപു തന്റെ മകൻ കൂടിയായ കാജൽ എന്ന ആ പിഞ്ചു കുഞ്ഞിന്റെ ബാല്യവും കൂടി തച്ചുടച്ചു കളയുന്നു.

അപുത്രയങ്ങളിൽ ഉടനീളം അപുവിനെ കൃഷ്ണനോട് ഉപമിച്ചിരിക്കുന്നു.വിടർന്ന കണ്ണുകളാണ് അപുത്രങ്ങളുടെ മറ്റൊരു സവിശേഷത.തന്റെ ബാല്യത്തിൽ ആദ്യം ചേച്ചിയുടെയും പിന്നീട് അച്ഛന്റെയും ഒടുവിൽ കൗമാരത്തിൽ അമ്മയുടെയും മരണങ്ങൾ മൂലം ഒറ്റപ്പെടൽ അനുഭവിക്കുന്ന അപുവിനാണ് യൗവനത്തിൽ താൻ ഒരുപാട് സ്നേഹിക്കുന്ന ഭാര്യയെയും കൂടി നഷ്ടപ്പെടുന്നത്.അതുവഴി മരണത്തെ വളരെ വൈകാരികമായി ചിത്രീകരിച്ചിരിക്കുന്ന റായ് മനുഷ്യന്റെ ഏകാന്തതയും വിഷാദാവസ്ഥയും നന്നായി അപുത്രയത്തിൽ ഇഴ ചേർത്തു വെച്ചിരിക്കുന്നു. അതുപോലെ തന്നെ സൗമിത്ര എന്ന മഹാനടൻ അത് അതിമനോഹരമായി അവതരിപ്പിച്ചിട്ടുമുണ്ട്.

വിദേശവാസത്തിലായിരുന്ന പുലു തിരിച്ചു വരുമ്പോള് കാണുന്നത് അനാഥനേപ്പോലെ വളരുന്ന സുഹൃത്തിന്റെ മകനെയാണ്.പക്ഷേ സ്വന്തം മകനോട് അപ്പോഴും അയാൾക്ക് ദേഷ്യമായിരുന്നു.ഭാര്യയുടെ മരണത്തിന് അവനെയാണ് അപു കുറ്റക്കാരനായി കണ്ടത്. തുടര്ന്ന് പുലുവിന്റെ നിര്ബന്ധത്തെ തുടര്ന്ന് വര്ഷങ്ങൾക്ക് ശേഷം പാറി പറക്കുന്ന മുടിയും നീട്ടി വളർത്തിയ താടിയുമായി അപു മടങ്ങി വന്നു:തന്റെ മകനെ കാണാന്. അപു കാണുന്നതോ വലുതായ തന്റെ മകനെയും.അമ്മയുടെ വീട്ടിൽ അത്രയൊന്നും സുഖകരമല്ലാത്ത സാഹചര്യങ്ങളിൽ വളർന്ന അവൻ്െറ മനസ്സ് അച്ഛൻ്െറ സ്നേഹത്തിനു വേണ്ടി കൊതിയ്ക്കുകയായിരുന്നു

ആ പിഞ്ചുബാലൻ്െറ മുഖം കണ്ടപ്പോഴാണ് തൻ്െറ തെറ്റിൻ്െറ വലിപ്പം അപുവിന് മനസ്സിലായത്.ഒരുതെറ്റും ചെയ്യാത്ത തൻ്െറ മകനെയാണ് ഇത്രയും കാലം അകറ്റിനിർത്തിയത്.എന്നാൽ വന്നിരിക്കുന്നത് തന്റെ അച്ഛനാണെന്ന് കാജലിന് അറിയില്ലായിരുന്നു, അതുകൊണ്ട് തന്നെ അപുവിനെ അംഗീകരിക്കാനും അനുസരിക്കാനും ആദ്യം ആ കുഞ്ഞ് തയ്യാറല്ലായിരുന്നു.
അവനെ മാറോടടക്കിപ്പിടിക്കാൻ അപുവിൻ്െറ മനസ്സ് കൊതിച്ചു.അയാൾ ചോദിച്ചു-

''എൻ്െറ കൂടെ പോരുന്നോ''?

കാജൽ-''നിങ്ങൾ എന്നെ എൻ്െറ അച്ഛൻ്െറ അടുത്ത്

കൊണ്ടുപോകുമോ? (അച്ഛനോടാണ് ഇത് ചോദിക്കുന്നതെന്ന് കാജൽ അറിയുന്നില്ല.)

"തീർച്ചയായും..."

''അച്ഛന് എന്നോട് ദേഷ്യമായിരിക്കുമോ"?

"എന്തിന്''?

''എന്നെ അച്ഛൻ ഉപേക്ഷിക്കുമോ? "

"ഒരിക്കലുമില്ല''(ഇത് പറയുമ്പോൾ അപുവനുഭവിക്കുന്ന ഹൃദയ വേദന കാഴ്ച്ചക്കാർക്ക് തിരിച്ചറിയാം.)

കാജൽ ചിരിച്ചുകൊണ്ട് അപുവിൻെറ അടുത്തേക്ക് ഓടുന്നു.കൈയിലെ സഞ്ചി നിലത്തിട്ട് അപു വാത്സല്യത്തോടെ മകനെ കോരിയെടുക്കുന്നു.ഇതെല്ലാം കണ്ട് കാജലിൻെറ മുത്തച്ഛൻ സംതൃപ്തിയോടെ പുഞ്ചിരിക്കുന്നു.

മകനെ അപു തോളിലിരുത്തി അഭിമാനത്തോടെയും സന്തോഷത്തോടെയും അവനെ ഇടയ്ക്കിടെ അയാൾ നോക്കിക്കൊണ്ടിരുന്നു.മകനുമായി അപു നടന്നകന്നു, ഒരു അച്ഛന്റെ കരുതലും ഉത്തരവാദിത്വവുമായി പുതിയൊരു ജീവിതത്തിലേക്ക്.

അങ്ങനെ അച്ഛനെ കാണിച്ചു തരാം എന്ന വ്യവസ്ഥയില് അപുവിനോടൊപ്പം മകന് യാത്രയാവുന്നതോടെ ചിത്രം അവസാനിക്കുന്നു.

അപുവായി സൗമിത്ര ചാറ്റർജി ഗംഭീര പ്രകടനമാണ് കാഴ്ച്ച വെച്ചിരിക്കുന്നത്...

ഇത്തരം സിനിമകൾ നമ്മൾ ഒരിക്കലും കാണാതെ പോകരുത്.പഥേർ പാഞ്ചാലി,അപരാജിതോ എന്നീ വിഖ്യാത സിനിമകളുടെ തുടർച്ചയായത് കൊണ്ട് അവ രണ്ടും കണ്ടിട്ട് അപുർസൻസാർ കാണുന്നതാണ് ഏറ്റവും ഉചിതം.

ഓരോ ചിത്രം പിന്നിടുമ്പോഴും സത്യജിത് റേയിലെ സംവിധായകന് കൂടുതല് കരുത്താര്ജ്ജിക്കുന്നത് കാണാം. കഥയും, അഭിനേതാക്കളും, സംഗീതവും, എല്ലാം വളരെയധികം പ്രശംസയര്ഹിക്കുന്നുവെങ്കിലും സത്യജിത് റേയുടെ സംവിധാനമികവ് എല്ലാറ്റിനും ഒരുപടി മുകളില്ത്തന്നെയാണ്.